**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 625** **13-10-2026-ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥ വ്യതിയാനം മൂലം കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളെ കുറിച്ച് മുൻകൂട്ടി അറിയാൻ സംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

**മറുപടി:** സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ആറ് പ്രധാന മേഖലകൾക്ക് (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവും ജൈവ ആവാസ വ്യവസ്ഥയും, ആരോഗ്യം, ജലവിഭവം) പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന കാലാവസ്ഥാവ്യതിയാന കർമ്മ പദ്ധതിക്ക് (KSAPCC 2023-2030) രൂപം നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

**(ബി)** ക്ലൈമറ്റ് ചെയ്ഞ്ച് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി (Kerala State Action Plan on Climate Change - KSAPCC 2023-30)-യിൽ വിവിധ മേഖലകളുടെ കാലാവസ്ഥ ദുർബലത (Climate vulnerability) വിലയിരുത്തുകയും പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾക്കു വേണ്ടുന്ന കാലാവസ്ഥ അനുകൂലന പദ്ധതികൾ (climate adaptation) വിഭാവനം ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തിലെ ഹരിതഗൃഹ വാതക ഉദ്ഗമനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന അഞ്ച് മേഖലകളായ ഊർജ്ജം, വ്യാവസായിക പ്രക്രിയകളും ഉൽപ്പന്ന ഉപയോഗവും (IPPU), ഭൂവിനിയോഗം, ഭൂവിനിയോഗ മാറ്റവും വനവൽക്കരണവും (LULUCF), കൃഷി, മാലിന്യം എന്നീ മേഖലകളിൽ നിന്നുള്ള (2005 മുതൽ 2023 വരെയുള്ള കാലയളവിലെ) കാർബൺഡൈഓക്സൈഡ് (CO2), മീഥെയിൻ (CH4), നൈട്രസ് ഓക്സൈഡ് (N2O) എന്നീ ഹരിതഗൃഹ വാതകങ്ങളുടെ ഉദ്ഗമനം, IPCC രീതിശാസ്ത്രപ്രകാരം നിർണയിച്ച്, പ്രസ്തുത കണ്ടെത്തലുകൾ ക്രോഡീകരിച്ച് 2024-ൽ വിശദമായ സംസ്ഥാന ഹരിതഗൃഹ വാതക ഉദ്ഗമന നിർണയ റിപ്പോർട്ട് (Kerala Green House Gas (GHG) Report) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിൽ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്ന ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ള നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു 'സ്റ്റേറ്റ് ക്ലൈമറ്റ് ആക്ഷൻ

നെറ്റ്‌വർക്ക്' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നെറ്റ്‌വർക്ക് വഴി ക്ലൈമറ്റ് ചേഞ്ച് സെല്ലിലെ വിവിധ കാലാവസ്ഥാ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കുന്നു.

**(സി)** പെട്ടെന്നുണ്ടാകുന്ന അതിതീവ്ര മഴ മൂലമുള്ള വെള്ളപ്പൊക്കം ഒഴിവാക്കുന്നതിന് എന്തൊക്കെ പാരിസ്ഥിതിക ഇടപെടൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതിയിൽ (KSAPCC 2023-2030) സമഗ്ര ജലവിഭവ മാനേജ്മെൻറ് വാട്ടർ ഷെഡ് അടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം, പ്രകൃതിദത്ത നീരൊഴുക്ക് പാതകളുടെ പുനരുദ്ധാരണം, കുന്നിൻപ്രദേശങ്ങളിലെ ചരിവ് സ്ഥിരത ഉറപ്പാക്കൽ, ഭൂവിനിയോഗ ആസൂത്രണം, ദുരന്ത സാധ്യതാ മേഖലകളുടെ ശാസ്ത്രീയ മാപ്പിംഗ്, തീര-നദീതട സംരക്ഷണം, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവ വഴി വെള്ളപ്പൊക്കം തടയുന്നതിന് സാധിക്കുന്നതാണ്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**(ഡി)** കേരളത്തിലെ നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണലും എക്കലും മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** കേരളത്തിലെ നദികളിൽ മണൽ, എക്കൽ എന്നിവ അടിഞ്ഞുകൂടുന്നത് മൂലം പരിസ്ഥിതിക്ക് ആഘാതമുണ്ടാകുന്ന പലതരം നാശനഷ്ടങ്ങളുമുണ്ടാകാൻ സാധ്യതയുണ്ട്. കൃത്യമായ രീതിയിൽ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള അവസരം ഉറപ്പാക്കിയില്ലെങ്കിൽ വൻ നാശനഷ്ടങ്ങൾ വരെ പ്രകൃതിയ്ക്കും, പൊതുജനങ്ങൾക്കും നേരിടേണ്ടിവന്നേക്കാം. ആയതിനാൽ ഇപ്രകാരം നദികളിൽ അടിഞ്ഞുകൂടിയ മണൽ, എക്കൽ എന്നിവ സമയബന്ധിതമായി നീക്കം ചെയ്യൽ, നദികളുടെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തൽ എന്നിവ ജലവിഭവ വകുപ്പ്, ദുരന്തനിവാരണ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ് തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ സാധ്യമാക്കുന്നതിനുള്ള പഠനം നടത്തുന്നതിന് നിർദേശം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**